# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4667 18/12/2014-ലെ മറുപടിക്ക്**

**വലപ്പാട് ഗവ. ഹയർ സെക്കന്ററി സ്കൂളിലെ പ്ലസ്സ് അധ്യാപക തസ്തിക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി .ഗീതാ ഗോപി | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വലപ്പാട് ഗവ. ഹയർ സെക്കന്ററി സ്കൂളിൽ 2011-12 വർഷത്തിൽ അനുവദിച്ച അധിക പ്ലസ് ടു ബാച്ചിന് ആവശ്യമായ അധ്യാപക തസ്തിക നിർണ്ണയിച്ച് അനുമതി നൽകാൻ കാലതാമസം നേരിടുന്നതിന് കാരണം വിശദമാക്കുമോ; | (എ) വലപ്പാട് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിൽ 2011-12 വർഷത്തിൽ അനുവദിച്ച അധിക പ്ലസ് ടു ബാച്ചിന്റെ പ്രവർത്തനം കുട്ടികളുടെ കുറവുമൂലം ടി അധ്യയന വർഷം ആരംഭിച്ചിരുന്നില്ല. അതിനുശേഷം 2012-13 അധ്യയന വർഷം മുതൽ മതിയായ കുട്ടികൾ ഉള്ളതിനാൽ ടി ബാച്ചിന് പ്രവർത്തനാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 2014-ൽ ഹയർ സെക്കന്ററി ഡയറക്ടറിൽ നിന്നും ലഭിച്ച ശുപാർശ സർക്കാർ പരിശോധിച്ചുവരുകയാണ്. ബാച്ചിന് പ്രവർത്തനാനുമതി നല്കിയശേഷം തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) അധിക ബാച്ച് അനുവദിച്ചതു മൂലം ഉണ്ടായ തസ്തികകളിൽ ഗസ്റ്റ് അധ്യാപകരായി ജോലി നോക്കുന്നവർക്ക് ശമ്പളം നൽകിയിട്ടുണ്ടോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) & (സി) ജോലി ഭാരത്തിനനുസൃതമായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതിനാലാണ് ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകാൻ കഴിയാതിരുന്നത്. തസ്തികകൾ സൃഷ്ടിച്ചതിന് ശേഷം നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി നിയമിക്കപ്പെട്ട യോഗ്യരായ എല്ലാ ഗസ്റ്റ് അദ്ധ്യാപകർക്കും ശമ്പള കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) തസ്തിക നിർണ്ണയം പൂർത്തിയാക്കി ഗസ്റ്റ് അധ്യാപകർക്ക് ശമ്പളം നൽകുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ